പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1113 30.10.2019-ൽ മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിൽ വനിതകൾക്കായി പദ്ധതികൾ

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിൽ വനിതകൾക്കായി ഏതെങ്കിലും പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ എക്സൈസ് വകുപ്പിൽ ഓരോ റേഞ്ച് ഓഫീസിലും ഓരോ വനിതാ സിവിൽ എക്സൈസ് ഓഫീസർ എന്ന ക്രമത്തിൽ ആകെയുള്ള 138 റേഞ്ചാഫീസുകളിലുമായി 138 വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളതും ആയതിലൂടെ പൊതുസമൂഹത്തിലെ വനിതകൾക്ക് എക്സൈസ് ഓഫീസുകളുമായി കൂടുതൽ അടുക്കുവാനും അതുവഴി എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ആക്കം കൂട്ടുവാനും മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ഫലപ്രദമായ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സാധിച്ചിട്ടുള്ളതാണ്.<br>ഇതിലേയ്ക്കായി വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് 100 TVS Jupiter Two Wheeler Scooter-ഉം 41 Honda Active Scooter-ഉം അനുവദിച്ച് നൽകിയിട്ടുള്ളതാണ്. കൂടാതെ വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് 25 എക്സൈസ് ഓഫീസുകളിൽ വിശ്രമമുറിയും Toilet സൗകര്യവും നിർമ്മിച്ച് നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ